# ക്രിസ്തീയ ന്യായവാദശാസ്ത്രം

## Volume 3

ഡോ ജോൺസൺ സി ഫിലിപ്പ്

ഡോ സനീഷ് ചെറിയാൻ

# ക്രിസ്തിയ ന്യായവാദശാസ്ത്രം

Volume 3
A Multi-volume Work

Dr. Saneesh Cherian
Dr. Johnson C. Philip

Copyright 1990, 2000, 2020
Creative Commons

## ക്രിസ്തീയ ന്യായവാദശാസ്ത്രത്തിനൊരു മുഖവുര

Brethren Theological Institute
Theological Training Since 1999

# ക്രിസ്തീയ ന്യായവാദശാസ്ത്രത്തിന്റെ ആവശ്യകത

വിശ്വാസത്തിന്റെ പ്രതിരോധം ആത്മീയ ജീവിതത്തിന്റെ ഒരു പ്രധാന ഘടകമായി പഴയനിയമവും പുതിയനിയമവും വ്യക്തമാക്കുന്നു. ഇക്കാരണത്താലാണ് രണ്ടു നിയമങ്ങളിലും ന്യായവാദശാസ്ത്രപരമായ അനേക കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. യഹൂദ ക്രിസ്തീയ പിതാക്കന്മാരും തദ്വാര ലഭിക്കാവുന്ന പ്രയോജനം മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് വിശ്വാസ സത്യങ്ങൾക്കെതിരെ കൊണ്ടുവന്ന വാദമുഖങ്ങളെ ഖണ്ഡിക്കുന്നതിന് അല്പമല്ലാത്ത സമയം അവർ വേർതിരിച്ചു.

ഓരോ തലമുറയിലും വേദപുസ്തകത്തിനെതിരെ ഉന്നയിക്കപ്പെട്ടിട്ടുള്ള ആക്രമണങ്ങളുടെ സ്വഭാവം

ഭിന്നമായിരുന്നു എന്നാണ് ന്യായവാദശാസ്ത്ര സംബന്ധമായ പിതാക്കന്മാരുടെ വചസ്സുകൾ നമുക്ക് മനസ്സിലാക്കിത്തരുന്നത്. തന്മൂലം ഓരോ തലമുറയുടെയും ആവശ്യമനുസരിച്ച് പ്രത്യുത്തര ങ്ങൾ പ്രത്യേകമായി രൂപീകരിക്കേണ്ടിയിരിക്കു ന്നു. ഇപ്രകാരമുള്ള മാറ്റങ്ങളുടെ ഇടയിലും യാതൊരു മൂല്യശോഷണവും സംഭവിക്കാതെ ന്യായവാദശാസ്ത്രം കഴിഞ്ഞ ആയിരക്കണക്കിന് വർഷങ്ങളായി നിലനിന്നുപോരുന്നു.

## ന്യായവാദശാസ്ത്രത്തിന്റെ സ്ഥായിയായ ഉപദേശങ്ങൾ

ക്രിസ്തീയ ന്യായവാദശാസ്ത്രത്തിന്റെ രീതി കളും മുൻഗണനകളും സമയാനുസൃതം മാറി ക്കൊണ്ടിരിക്കുമെങ്കിലും ലക്ഷ്യം എപ്പോഴും ഒന്നു തന്നെയാണ്. അവയിൽ ചിലത് ചുവടെ ചേർക്കു ന്നു.

(1) വേദപുസ്തകത്തിനും ക്രിസ്തീയ വിശ്വാസത്തിനും എതിരായി ഉന്നയിക്കപ്പെടുന്ന എല്ലാ കുറ്റാരോപണങ്ങളെയും ഖണ്ഡിക്കുക.

(2) വേദപുസ്തകവും ക്രിസ്തീയ ജീവിതരീതിയും മാത്രമേ ശരിയായയുള്ളുവെന്നും, സ്ഥായിയായ സന്തോഷവും സമാധാനവും പ്രദാനം ചെയ്യുന്നത് വേദപുസ്തകവും ക്രിസ്തീയ വിശ്വാസവും മാത്രമാണെന്ന് വ്യക്തമാക്കുക.

(3) വിശ്വാസികളുടെയും അവിശ്വാസികളുടെയും വളർച്ചയ്ക്കും ഉറപ്പിനും തടസ്സങ്ങളായി നിൽക്കുന്ന നിർവ്യാജമായ സംശയങ്ങളെ ദൂരീകരിക്കുക.

(4) മുകളിൽ പ്രസ്താവിച്ച ലക്ഷ്യങ്ങൾ നേടുന്നതിന് ആവശ്യമായ തെളിവുകൾ ശേഖരിച്ച് നൽകുക.

ആവശ്യമായ തെളിവ്, പൂർണ്ണമായ തെളിവ് ഇവ തമ്മിലുള്ള വ്യത്യാസം ഒരു ക്രിസ്തീയ ന്യായവാദശാസ്ത്രകാരൻ വ്യക്തമായി അറിഞ്ഞിരിക്കേണ്ടതാണ്. മനുഷ്യൻ പ്രമേയനും, തന്റെ അറിവിലും ഗ്രഹണശക്തിയിലും പരിമിതപ്പെട്ടിരിക്കുന്നവനുമാകയാൽ പൂർണ്ണതെളിവ് ഒരു വിഷയത്തിനും നൽകുക സാദ്ധ്യമല്ല. ഒരു വിഷയത്തോട് ബന്ധപ്പെട്ട എല്ലാ സംഗതികളും പരിശോധിക്കാൻ സാദ്ധ്യമല്ലെങ്കിൽ പൂർണ്ണതെളിവ് ഒരു വിഷയത്തിനും നൽകാൻ സാദ്ധ്യമല്ല. ഒരു വിഷയത്തോട് ബന്ധപ്പെട്ട എല്ലാ സംഗതികളും പരിശോധിക്കാൻ സാദ്ധ്യമല്ലെങ്കിൽ പൂർണ്ണതെളിവ്

നൽകാൻ ഇടയാകും. പക്ഷേ മാനുഷീകമായ നിലയിൽ ഇത് അസാദ്ധ്യമാണ്. ഇക്കാരണത്താലാണ് ശാസ്ത്രവുമായോ ചരിത്രവുമായോ ബന്ധപ്പെട്ട ഒരു വിഷയങ്ങളിലും പൂർണ്ണതെളിവ് പണ്ഡിതന്മാർ ആവശ്യപ്പെടാത്തത്. തന്മൂലം ആവശ്യമായ തെളിവുകളുടെ അടിസ്ഥാനത്തിലാണ് കാര്യങ്ങൾ അവർ തീരുമാനിക്കുന്നത്. ക്രിസ്തീയ ന്യായവാദശാസ്ത്രത്തെ സംബന്ധിച്ചും ഇത് തികച്ചും ശരിയാണ്.

## ന്യായവാദശാസ്ത്രകാരന്മാർക്ക് ചെയ്യാവുന്ന കാര്യം

ഇടതടവില്ലാതെ വളർന്നു കൊണ്ടിരിക്കുന്ന ഒരു വിഷയമാണ് ക്രിസ്തീയ ന്യായവാദശാസ്ത്രം. മുമ്പുള്ളതിനേക്കാൾ കൂടുതൽ കുലങ്കഷമായവയാണ് ഓരോ ദിവസങ്ങളിലുമുയരുന്ന ചോദ്യ

ങ്ങൾ. ഇത്രയും വികസനം പ്രാപിച്ച ഒരു വിഷയത്തെ സംബന്ധിച്ചിടത്തോളം മുൻകാലങ്ങളിൽ അത് നിർവ്വഹിച്ച സേവനങ്ങളെ ജനങ്ങൾ വേഗം മറന്നുപോകാൻ ഇടയുണ്ട്. ക്രിസ്തീയ ന്യായവാദശാസ്ത്രത്തിൽ പ്രസ്തുത സംഗതി വ്യക്തമായി കാണാവുന്നതാണ്.

ക്രിസ്തീയ ന്യായവാദശാസ്ത്രത്തെ സംബന്ധിച്ച് സമയാസമയങ്ങളിലായി നാലുവിധ ചിന്തകൾ രൂപം പ്രാപിച്ചിട്ടുണ്ട്. അവ സാധുതയുള്ളവയോ, വേദപുസ്തകാടിസ്ഥാനത്തിലുള്ളതോ അല്ല. അവ ചുരുക്കമായി താഴെ പ്രതിപാദിക്കുന്നു.

**1. സംശയവാദം:** ന്യായവാദശാസ്ത്രം വിപുലഖ്യാതിയുള്ള ഒരു വിഷയമാണെങ്കിലും ക്രിസ്തീയ ന്യായവാദശാസ്ത്രത്തെ, സംബന്ധിച്ച്

പൂർണ്ണമായും സംശയാലുക്കളായ ഒരു കൂട്ടം ആൾക്കാരുമുണ്ട്. ന്യായവാദശാസ്ത്രത്തിൽ എന്തെങ്കിലും അവർ മനസ്സിലാക്കുന്നില്ല. മാത്രമല്ല ക്രിസ്തീയ വിശ്വാസത്തെ പ്രതിരോധിക്കുന്നതു പോലും അവർ എതിർക്കുന്നു. ജീവിതത്തിലുണ്ടാകുന്ന പ്രശ്നങ്ങളെ മുറുകെ പിടിക്കാനാഗ്രഹിക്കാത്തവരാണ് പല സംശയവാദികളും, മാത്രമല്ല ന്യായവാദശാസ്ത്രത്തെ സാധൂകരിക്കുന്ന വേദഭാഗങ്ങളെ അവർ അവഗണിക്കുകയും ചെയ്യുന്നു. ക്രിസ്തീയ സമൂഹത്തിൽ ഇവരുടെ എണ്ണം തുലോം ചുരുക്കമാണ്. ഗൗരവമാർന്ന ചിന്തകന്മാരോ, ദൈവശാസ്ത്രജ്ഞരോ ഇവരുടെ മദ്ധ്യത്തിൽ ഇല്ല.

**2. കിസ്തീയ യുക്തിവാദം:** ഈ വീക്ഷണമനുസരിച്ച് ക്രിസ്തീയ അടിസ്ഥാനത്തിന്റെ സാധുതയെ

യുക്തി മുഖാന്തരം പൂർണ്ണമായി സ്ഥാപിക്കാവുന്നതാണ്. ആകെ ആവശ്യമുള്ളത്–വേദപുസ്തകത്തെ അനുകൂലിക്കത്തക്ക നിലയിലുള്ള യുക്തിപരമായ ചോദ്യങ്ങൾ ഒരു വ്യക്തിയോട് ചോദിക്കുക. അങ്ങനെ അദ്ദേഹത്തിന് സത്യം ഗ്രഹിക്കാനാകും. പക്ഷേ ഈ വീക്ഷണഗതി അനുശാസിക്കുന്നതുപോലെ കാര്യങ്ങൾ എപ്പോഴും ശുഭാപ്തി വിശ്വാസം നൽകുന്നവയല്ല. സത്യത്തെ മനസ്സിലാക്കുന്നതിനുള്ള മാനുഷിക ബുദ്ധിശക്തിയുടെയും യുക്തിശക്തിയുടെയും പ്രാപ്തിയിൽ ക്രിസ്തീയവാദം വളരെയധികം ആശ്രയിക്കുന്നു. വീഴ്ച സംഭവിച്ച മനുഷ്യന്റെ ബുദ്ധിയിൽ അത്തരത്തിലുള്ള ഒരു വിശ്വാസം അർപ്പിക്കുകയും അങ്ങനെ പാപപങ്കിലമായ മനുഷ്യവർഗ്ഗത്തിനിടയിൽ ദൈവാത്മാവ് ചെയ്യുന്ന പ്രവർത്തനത്തെ പുറംതള്ളുക പോലും ചെയ്യുന്നു. ക്രിസ്തീയ

ന്യായവാദശാസ്ത്രകാരന്മാരുടെ ഇടയിൽ പ്രസ്തുത കാഴ്ചപ്പാടിന് തെല്ലും സ്ഥാനം നൽകി യിട്ടില്ല.

**3. യുക്തിപരമായ ക്രിസ്ത്യാനിത്വം:** ഈ സിദ്ധാന്ത മനുസരിച്ച് എല്ലാറ്റിന്റെയും ഹേതു യുക്തിയാണ്. ആത്മീയ സത്യത്തിന്റെ കണ്ടെത്തലുകളിലേക്ക് ഇത് ആത്യന്തികമായി നയിക്കുന്നു. ഈ പ്രക്രിയ യുടെ അവസാനപടികൾ വിശ്വാസത്താലാണ് സ്വീകരിക്കേണ്ടത്. മുകളിൽ പ്രസ്താവിച്ച ഇരു സിദ്ധാന്തങ്ങളെക്കാളും വേദപുസ്തകവുമായി ഇത് ബന്ധപ്പെട്ടതാണെങ്കിലും ഇത് പൂർണ്ണമായി ശരിയെന്ന് അംഗീകരിക്കാവതല്ല. ക്രിസ്തീയ ന്യായവാദശാസ്ത്രം ഈ സിദ്ധാന്തത്തെ അംഗീക രിച്ചിട്ടേയില്ല.

**4. വിശ്വാസത്തിൽ യുക്തിയുടെ സഹായം:** വേദപുസ്തക അടിസ്ഥാന ഉപദേശങ്ങളെ പിൻപറ്റുന്നവർ, സുവിശേഷവിഹിത സഭകളിലുള്ള വേദപണ്ഡിതന്മാർ ഈ കാഴ്ചപ്പാടിനെയാണ് അംഗീകരിച്ചിരിക്കുന്നത്. പ്രസ്തുത വീക്ഷണമനുസരിച്ച് തുടക്കം വിശ്വാസത്താലാണ്. ഒരിക്കൽ വിശ്വാസം സ്ഥാപിക്കപ്പെട്ടു കഴിഞ്ഞാൽ സത്യത്തോടും യുക്തിയോടും അത് പൊരുത്തപ്പെട്ടുപോകുന്നതായി കാണാം. വേദപുസ്തകപരമായി സ്വീകരിക്കത്തക്കതും, സാധൂകരിക്കത്തക്കതുമായ ഒരു കാഴ്ചപ്പാടാണിത്.

അങ്ങനെ ഒരു ക്രിസ്തീയ ന്യായവാദക്കാരൻ സൃഷ്ടിവാദത്തിനും വിശ്വാസത്തിനും ഒരു സഹായി എന്നുള്ള നിലയിലല്ലാതെ വിശ്വാസത്തെ ഉളവാക്കാനായി ന്യായവാദശാസ്ത്രത്തെ

ഉപയോഗിക്കുകയില്ല. പക്ഷേ ഈ കാര്യത്തിനു പോലും ദൈവമായ പരിശുദ്ധാത്മാവിൽ ആശ്രയി ക്കാതെ ഒന്നും ചെയ്യുവാൻ അവന് സാദ്ധ്യമല്ല. അതേസമയം തന്നെ നൽകുന്ന സന്ദേശങ്ങളെ മനസ്സിലാക്കുവാനും, സ്വീകരിക്കുവാനും ഗ്രഹി ക്കാനും ദൈവമായ പരിശുദ്ധാത്മാവിന്റെ സഹായം ആവശ്യമാണ്.

## ന്യായവാദശാസ്ത്രത്തിന്റെ ഉദ്ദേശ്യം

മുമ്പ് സൂചിപ്പിച്ചതുപോലെ ത്വരിതഗതിയിൽ വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്ന ഒരു മേഖല യാണ് ന്യായവാദശാസ്ത്രം. തന്മൂലം ഇതിന്റെ പ്രവർത്തനങ്ങൾ, ഉപദേശങ്ങൾ, സംഭാവനകൾ ആദിയായവ അന്യഥാ ധരിക്കാനിടയുണ്ട്. ന്യായ വാദശാസ്ത്രം എന്തിനു വേണ്ടിയുള്ളതാണ്?

എന്തിനു വേണ്ടിയുള്ളതല്ല എന്ന് പഠിതാക്കൾ പ്രത്യേകം അറിഞ്ഞിരിക്കേണ്ടതാണ്.

ചുവടെ രേഖപ്പെടുത്തുന്ന കുറിപ്പുകൾ പ്രസ്തുത കാര്യങ്ങളെ മനസ്സിലാക്കുവാൻ സഹായിക്കുന്നു.

ക്രിസ്തീയ ന്യായവാദശാസ്ത്രത്തിന്റെ പരമപ്രധാനമായ ലക്ഷ്യം വേദപുസ്തകത്തിന്റെ വിശ്വാസ്യതയെ സംരക്ഷിക്കുക (Defend) എന്നുള്ളതാണ്. തന്മൂലം തിരുവെഴുത്തിന്റെ വിശ്വാസ്യതയെയും, ക്രിസ്തീയ വിശ്വാസത്തിൽ ഉൾക്കൊള്ളുന്ന പ്രമാണങ്ങളെയും ഇത് പ്രസ്താവിക്കുന്നു. എന്നാൽ വേദപുസ്തകത്തിനു നേരെ നിയന്ത്രിക്കപ്പെട്ട ഒരു പ്രവർത്തനമല്ല ന്യായവാദശാസ്ത്രം. വേറൊരു വിധത്തിൽ പറഞ്ഞാൽ വേദപുസ്തകം നിസ്സഹായമായ നിലയിലുള്ള ഒരു

പുസ്തകം എന്ന നിലയിൽ ഇതിന് സംരക്ഷണം ആവശ്യമാണ് എന്നതല്ല ന്യായവാദശാസ്ത്രം കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രത്യുത സംശയങ്ങ ളാൽ കുഴപ്പത്തിൽ വീണിരിക്കുന്ന മനുഷ്യനെ സഹായിക്കുന്നതിന് വേണ്ടിയുള്ളതാണ്. വേദപു സ്തകത്തെപ്പറ്റി മറ്റുള്ളവരുടെ മുമ്പിൽ ന്യായീക രണം നടത്തുന്നതുമൂലം അവരുടെ സംശയങ്ങൾ ദുരീകരിക്കപ്പെടുന്നു.

വേദപുസ്തകത്തിന് സ്വയ പ്രതിരോധശക്തിയു ണ്ട്. വിമർശകരും അവരുടെ ആക്രമണങ്ങളും നിലവിലിരിക്കുമ്പോൾ വിജയത്തിന്റെ കൊടി പാറിപ്പറത്തുവാൻ വേദപുസ്തകത്തിന് കഴിയു ന്നു. മുകളിൽ വ്യക്തമാക്കിയതുപോലെ തിരുവെ ഴുത്തിനെ സഹായിക്കുകയല്ല ന്യായവാദശാസ്ത്ര ത്തിന്റെ ഉദ്ദേശ്യം. മറിച്ച് ആത്മാർത്ഥമായി അന്വേ

ഷകരെ സഹായിക്കുക എന്നുള്ളതാണ്. ന്യായവാദശാസ്ത്രം ആവശ്യമുള്ളവരേയും ആവശ്യമില്ലാത്തവരേയും സഹായിക്കുവാൻ ന്യായവാദശാസ്ത്രത്തിന്റെ മനുഷ്യാഭിമുഖ പ്രവർത്തനം മനസ്സിലാക്കിയിരിക്കണം.

വിശ്വാസത്തെ സംബന്ധിച്ച് യാതൊരു പ്രശ്നവും ഇല്ലാത്ത അനേകർ നമ്മുടെ സഭകളിലുണ്ട്. വേദപുസ്തകത്തിലുള്ള എന്തിനെയെങ്കിലും അവർ സംശയിക്കുകയോ ക്രിസ്തുവിലുള്ള അവരുടെ വിശ്വാസത്തിനെതിരെ ഏതെങ്കിലും നിലയിലുള്ള ആക്രമണത്തെ അഭിമുഖീകരിക്കുകയോ ചെയ്തിട്ടില്ല. തന്മൂലം ന്യായവാദശാസ്ത്രം എന്ന പേര് കേൾക്കുമ്പോൾ അവരിൽ മിക്കവാറും ഭയം ഉണ്ടാകും. കാരണം അവരുടെ ചിന്തയിൽ വരുന്നത് ന്യായവാദശാസ്ത്രം വേദപുസ്തകത്തിനു

വേണ്ടിയുള്ളതും, വേദപുസ്തകത്തെ ദൈവവചനമായി ഉറപ്പിക്കുന്നതിനും വേണ്ടിയുള്ളതാണെന്നാണ്.

ഇവർ തങ്ങളുടെ വിശ്വാസത്തിനെതിരെ യാതൊരുവിധ വെല്ലുവിളികളും അഭിമുഖീകരിച്ചിട്ടില്ലാത്തതു കൊണ്ടും, മനുഷ്യൻ നല്കുന്ന പ്രതിരോധം വേദപുസ്തകത്തിനാവശ്യമില്ല എന്ന് അവർക്ക് അറിയാവുന്നതു കൊണ്ടും ന്യായവാദശാസ്ത്രത്തെ എതിർക്കുകയും എതിർപ്പുകളിൽ ആകൃഷ്ടരാകുകയും ചെയ്യുന്നു. മനുഷ്യന്റെ വശത്തു നിന്നും ഉയരേണ്ട പ്രവൃത്തിയെ സംബന്ധിച്ച് ന്യായവാദശാസ്ത്രകാരൻ വിവരിക്കുന്നതെപ്പറ്റി അറിവില്ലായ്മ കൊണ്ട് അവർ ന്യായവേദശാസ്ത്രത്തെ നിരസിക്കാനിടയുണ്ട്.

അങ്ങനെ ഭീതിതരായിരിക്കുന്ന ജനവർഗ്ഗത്തെ സ്വസ്ഥതയിലേക്ക് നയിക്കണമെങ്കിൽ ആദ്യമായി ക്രിസ്തീയ ന്യായവാദശാസ്ത്രകാരൻ തന്നെ ന്യായവാദശാസ്ത്രത്തിന്റെ ലക്ഷ്യവും പ്രയോജനവും അറിഞ്ഞിരിക്കേണ്ടതാണ്. അത്തരത്തിലുള്ള അറിവിനാൽ മാത്രമേ ന്യായവാദശാസ്ത്രത്തിന്റെ ലക്ഷ്യം നേരായ മാർഗ്ഗത്തിൽകൂടി അനുയോജ്യരായവരോട് പ്രയോഗിക്കാൻ സാധിക്കൂ. എല്ലാ ക്രിസ്ത്യാനികളും തങ്ങളുടെ ലക്ഷ്യത്തിൽ അല്ല എന്ന് അവർ മനസ്സിലാക്കിയിരിക്കണം.

## ന്യായവാദശാസ്ത്രത്തിന്റെ പരിമിതികൾ

ന്യായവാദശാസ്ത്രം മനുഷ്യനോട് ബന്ധപ്പെട്ട ഒരു പ്രവർത്തനമാകയാൽ വേദപുസ്തകം ദൈവവചനമാണെന്ന് അതിൻമൂലം തെളിയിക്കാനാവി

ല്ല. ഇവിടെ നിർവ്വഹിക്കാവുന്ന ഏറ്റവും ഉത്തമ മായ കാര്യം വേദപുസ്തകത്തിന്റെ ഐക്യം, സൂക്ഷ്മത, സുസ്ഥിരമായ നില, ചരിത്രപരമായ കൃത്യത, ജീവിതരൂപാന്തര ശക്തി എന്നിവയിലു ള്ള അസാധാരണ സ്വഭാവങ്ങളെ ചൂണ്ടികാണി ക്കുക എന്നുള്ളതാണ്. ശേഷിച്ചവ അന്വേഷക ന്മാർക്ക് വിട്ടുകൊടുത്തിരിക്കുന്നു. വേദപു സ്തകം ദൈവവചനമായി അംഗീകരിക്കുന്നത് തികച്ചും വിശ്വാസത്തിൽ അധിഷ്ഠിതമാണ്. പക്ഷേ ന്യായവാദശാസ്ത്രത്തിന് അതിൽ നല്ലൊരു പങ്ക് വഹിക്കാനാകും എന്നത് മറ്റൊരു വാസ്തവം.

അപ്രകാരം ന്യായവാദശാസ്ത്രത്തിന്റെ ഉദ്ദേശ്യം വേദപുസ്തകത്തെ ദൈവവചനമെന്ന് സ്ഥാപി ക്കുകയോ, വിശ്വാസത്തെ ഉളവാക്കിക്കൊടുക്കു

കയോ അല്ല. പ്രത്യുത വേദപുസ്തകത്തിന് എതിരായി വരുന്ന ആക്രമണങ്ങൾ അയോഗ്യമെന്നു മനസ്സിലാക്കുവാൻ ജനങ്ങളെ അത് സഹായിക്കുന്നു. വേദപുസ്തക സത്യങ്ങളും ശാസ്ത്രീയ വസ്തുതകളും പരസ്പര വൈരുദ്ധ്യങ്ങളാണ് എന്ന് വ്യക്തമാക്കിക്കഴിഞ്ഞാൽ വിശ്വാസത്തിലേക്ക് പ്രവേശിക്കുവാൻ ഒരു വ്യക്തിക്ക് അത് ഉപകരിക്കും.

## തടസ്സം ദൂരീകരിക്കൽ എന്ന പ്രഥമ ലക്ഷ്യം

വിശ്വാസത്തെ ജനിപ്പിക്കുകയല്ല ന്യായവാദശാസ്ത്രത്തിന്റെ ലക്ഷ്യം എങ്കിലും വിശ്വാസത്തിന് ഭംഗം വരുത്തുന്ന കാര്യങ്ങളെ ചെറുത്തുനിൽക്കുന്നതിൽ ന്യായവാദശാസ്ത്രം ഗണ്യമായ പങ്ക് വഹിക്കുന്നു. അത്തരത്തിലുള്ള വിഘ്ന ദൂരീ

കരണം എന്ന പ്രവർത്തനം മുഖാന്തരം ഒരു ആത്മാർത്ഥ അന്വേഷകൻ വിശ്വാസത്തിലേക്ക് കടക്കുവാനും അങ്ങനെ കർത്താവായ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിപ്പാനും ഇടവരുന്നു.

രക്ഷിക്കപ്പെട്ടവരെ സംബന്ധിച്ചിടത്തോളം ന്യായവാദശാസ്ത്രത്തിന്റെ ഈ പ്രവർത്തനം യേശുക്രിസ്തുവിനായി ഒരു ആഴമേറിയ സമർപ്പണം നടത്താൻ സഹായകമായി ഭവിക്കുന്നു.

## യുക്തിവാദിയുടെ ആവശ്യം ഒരു അനുഗ്രഹമാകാം

ഒരു വാചകത്തെ സത്യമായി അംഗീകരിക്കുന്നതിന് മുമ്പ് നിരവധി ചോദ്യങ്ങൾ ഇക്കാലത്ത് നാസ്തികവാദം നിരത്തുന്നു. നാസ്തികവാദ

സംസ്കാരം വേദപുസ്തകത്തിന്റെ ആധികാരിക തയെ നശിപ്പിക്കുന്നതാണെന്നു അനേകർ ചിന്തി ക്കുന്നു. നാസ്തിക സിദ്ധാന്തികൾ കൊണ്ടുവ രുന്ന നിരവധി ചോദ്യങ്ങൾ നമ്മുടെ വാചകങ്ങളെ വസ്തുനിഷ്ഠമായി അപഗ്രഥനം ചെയ്യുവാൻ നമുക്ക് ഉതകുന്നു.

നാസ്തികവാദ തത്വങ്ങൾ മുഖാന്തരം വേദപുസ്ത കത്തിന്റെ നിസ്തുല്യതയെ വ്യക്തമാക്കുവാൻ പര്യാപ്തമായ അറിവുകളും തെളിവുകളും ഇന്ന് ലഭ്യമാണ്. പക്ഷേ നാസ്തികനായ ഒരു വ്യക്തിയെ തന്റെ ഇച്ഛയ്ക്ക് വിരുദ്ധമായ വിശ്വാസ ത്തിലേക്ക് നയിക്കുവാൻ തെളിവുകളുടെ ബാഹുല്യം ഒരിക്കലും പ്രേരകമല്ല. ക്രിസ്ത്യാനി ത്വത്തെ സംബന്ധിച്ച് യുക്തിചിന്തയുടെ ഉള്ള ടക്കം പൂർണ്ണമായി, തർക്ക ശാസ്ത്രപരമായതും,

സൂക്ഷ്മതയുള്ളതും വിശ്വാസയോഗ്യമാണെങ്കിലും ക്രിസ്തീയ ന്യായവാദശാസ്ത്രം ഇത്തരക്കാർക്ക് വേണ്ടിയുള്ളതല്ല. എന്നാൽ വേദപുസ്തകത്തെ സംബന്ധിച്ച യുക്തിപരമായ ഉള്ളടക്കം എത്രത്തോളം വിശ്വാസ്യമായതാണെന്ന് അന്വേഷിക്കുന്ന ഒരു ആത്മാർത്ഥ അന്വേഷകനു ന്യായവാദശാസ്ത്രം സഹായകമാണ്.

## പ്രഖ്യാപനം ഒട്ടും കുറയുന്നില്ല

അവിശ്വാസത്തിന്റെ നിരക്ക് വളരെ കൂടുതലാണെങ്കിലും വേദപുസ്തകം പ്രഘോഷിക്കുന്ന രക്ഷാസന്ദേശത്തിന് വളരെയധികം ഫലം കൊയ്യാനാകും. ആയതിനാൽ സുവിശേഷത്തെ അനുഗമിക്കത്തക്ക നിലയിൽ വേദപുസ്തകത്തിന്റെ ആത്മനിശ്വസ്തത ഉറപ്പിക്കുകയല്ല ന്യായവാദശാസ്ത്ര

ത്തിന്റെ പ്രാഥമിക ലക്ഷ്യം. അത്ഭുതകരമായ തെളിവുകൾ നിരത്തിയാൽ പോലും വിശ്വാസത്തെ ദൂരീകരിക്കാൻ സാദ്ധ്യമല്ല. ആത്മാർത്ഥവും സത്യസന്ധവുമായ സംശയങ്ങൾ മുഖാന്തരം ഉടലെടുക്കുന്ന അവിശ്വാസത്തെ മാറ്റുവാൻ ന്യായവാദശാസ്ത്രം ഉപകാരമായി ഭവിക്കുന്നു.

## ന്യായവാദശാസ്ത്രകാരൻ സ്വീകരിക്കുന്നത് മന:പൂർവ്വമാകാൻ നിർബന്ധിക്കുന്നു.

നിർബന്ധ ബുദ്ധ്യാ ഉണ്ടാകുന്ന അവിശ്വാസത്തിന് നിവാരണം നൽകാൻ ന്യായവാദശാസ്ത്രത്തിന് കഴിയുകയില്ല. പക്ഷേ ആത്മാർത്ഥ അന്വേഷകരെ സഹായിക്കത്തക്ക നിലയിൽ ശരിയായ സ്ഥലത്ത് ശരിയായ രീതിയിൽ ന്യായവാദശാസ്ത്രത്തെ ഉപയോഗിക്കുവാൻ കഴിയുന്നു. ആകയാൽ തദ്വാര

ഉണ്ടാകാവുന്ന അത്ഭുത വ്യതിയാനങ്ങളെ കാണാ നാകും.

## ദൈവീകമായ ഇടപെടൽ ഇല്ലാതെ വിശ്വാസ ത്തിന് സമർപ്പണം വരുത്തുവാൻ സാദ്ധ്യമല്ല

ഇത്തരം സന്ദർഭങ്ങളിൽ ചെയ്യാവുന്ന ഏറ്റവും നല്ലകാര്യം ആത്മാവിന്റെ ഖഡ്ഗം (ദൈവവചനം) തുടർച്ചയായി ഉപയോഗിക്കുക എന്നുള്ളതാണ്. ന്യായവാദശാസ്ത്രത്തിന്റെ പ്രവർത്തനം ആവ ശ്യമാണെങ്കിൽ അത്തരത്തിലുള്ള ഒരു തല്ലിത കർക്കലിനു ശേഷം മാത്രമേ അത് ചെയ്യാവൂ.

ആത്മാർത്ഥ അന്വേഷകരെ ന്യായവാദശാസ്ത്രം സഹായിക്കുന്നു. അവിശ്വാസികളോട് സുവി ശേഷം അറിയിക്കുമ്പോൾ ന്യായവാദശാസ്ത്ര

ത്തിന് ക്ലിപ്തമായ ഒരു സ്ഥാനമുണ്ട്. ക്രൈസ്തവരിലും അക്രൈസ്തവരിലും ഉള്ള ആത്മാർത്ഥവും സത്യസന്ധവുമായ അന്വേഷകർക്ക് ക്രിസ്തുവിൽ പൂർണ്ണ സമർപ്പണം ചെയ്യാനാവശ്യമായ വിശ്വാസത്തിന് വിഘ്നം വരുത്തുന്ന ധാരാള തടസ്സങ്ങൾ ഉണ്ടായിരിക്കും. ഇത്തരത്തിലുള്ള വിഘ്നങ്ങളെ ദൂരീകരിക്കുവാൻ ന്യായവാദശാസ്ത്രത്തിന് സാധിക്കുന്നു.

എങ്ങനെയായാലും സുവിശേഷം അറിയിക്കുവാനുതകത്തക്ക നിലയിലുള്ള ഒരു ആധാരമെന്ന നിലയിൽ വേദപുസ്തകത്തിന്റെ ദിവ്യസ്വഭാവത്തെ വെളിപ്പെടുത്തുകയല്ല ന്യായവാദശാസ്ത്രത്തിന്റെ പ്രഥമലക്ഷ്യം. സുവിശേഷത്തിന് പ്രവർത്തിക്കുവാൻ അതിന്റേതായ ശക്തിയുണ്ട്. അവിശ്വാസികൾക്ക് അതിന്റെ ശക്തിയെ ബോദ്ധ്യ

പ്പെടുത്തി കൊടുക്കേണ്ട ആവശ്യം ഇല്ല. എന്നാൽ അതേസമയം സംശയങ്ങൾ അവർ പ്രകടിപ്പിച്ചാൽ വേദപുസ്തകത്തിന്റെ നിസ്തുല്യതയെ വെളിപ്പെടുത്തുവാൻ ന്യായവാദശാസ്ത്രം ഉപയോഗിക്കാവുന്നതാണ്. അങ്ങനെ ചെയ്യുന്നതു മൂലം സന്ദേശങ്ങൾ (സുവിശേഷവും അതിന്റെ പ്രതിരോധവും) ഫലപ്രദമാകും.

## ന്യായവാദശാസ്ത്ര വിജ്ഞാനം ശാസ്ത്രാരാധന അല്ല

ആത്യന്തികമായി സകലവും സയൻസിന്റെ അഥവാ വിജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ വിവരിക്കണം എന്ന വിശ്വാസമാണ് വിജ്ഞാനശാസ്ത്രവാദം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

പക്ഷേ ഇത് തികച്ചും തെറ്റായ ഒരു ചിന്താഗതിയാണ്.

പദാർത്ഥം, ഊർജ്ജം എന്നീ പഠന മേഖലകളിൽ വിജ്ഞാനം വികസിച്ചിട്ടുണ്ട്. തന്മൂലം ആധുനിക ഭൗതിക ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ പദാർത്ഥത്തിനും ഊർജ്ജത്തിനും അതീതമായവയെ മനസ്സിലാക്കുവാൻ സാദ്ധ്യമല്ല. വിജ്ഞാനത്തിന്റെ സഹായത്താൽ സകലതും വിശദീകരിക്കുവാൻ ഒരു ന്യായവാദശാസ്ത്രകാരൻ മുതിരുകയില്ല. അതിലുപരിയായി, വിജ്ഞാനപരമായ വിഷയങ്ങളിൽ വിജ്ഞാനം ഉപയോഗിക്കുകയും അതുപോലെ ചരിത്രപരമായ വിഷയങ്ങളിൽ തർക്കശാസ്ത്രവും ന്യായവാദശാസ്ത്രകാരൻ ഉപയോഗിക്കുന്നു. ഈ വിഷയങ്ങൾ ആവശ്യമില്ലാത്ത സ്ഥലത്ത് ഉപയോഗിക്കുകയില്ല. അവ

വിശ്വാസത്താലാണ് മനസ്സിലാക്കേണ്ടത്. തന്മൂലം വിശ്വാസത്തിന്റെ മഹത്വവും വിലയും ഗ്രഹിക്കാനിടയാകും.

We encourage you to share this eBook with ALL your Christian friends. Please remember: it is our obligation to bless others!

- It takes only 2 minutes to share with 5 friends
- The results will last all eternity
- Why should we share jokes, parodies, etc. when we can share wholesome material?

## About The Authors



Dr. Johnson C. Philip is an expert in Quantum-nuclear Physics and has done research about the inner structure of Protons and Neutrons (Hadrons). He has authored hundreds of books and he hopes to join hands with Dr. Saneesh Cherian to produce more than 100 volumes of these compact Bible/Science books to bless your spiritual life.



Dr. Saneesh Cherian is an expert in Communication and Sociology. Having completed two doctorates in theology and a masters in Sociology from a prestigious University, he has been working towards his next doctorate.

Together the two writers have authored several major books in Apologetics and Theology, Theology Dictionary and Bible Encyclopedias.

Hundreds of ebooks and pdf magazines produced by them are available for free download. You can download them from www.OnlyFreeBooks.Com

Download More Free Ebooks From

www.OnlyFreeBooks.com

This is a textbook/resource published by the Brethren Theological Institute.

BTI brings Bible-school training to your assembly. BTI Classes are going on in many places in Kerala

If you want a BTI training program in your assembly, please contact

Principal: Dr. Johnson C. Philip
999 519 8690

Academic Dean: Dr. Saneesh Cherian
974 470 6373

Brethren Theological Institute
Theological Training Since 1999
BTI